# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 795** **02.12.2015 ലെ മറുപടിക്ക്**

## തിരുവനന്തപുരം ജനറൽ ഹോസ്പിറ്റൽ മെഡിക്കൽ കോളേജിലേയ്ക്ക് മാറ്റി നിയമിക്കപ്പെട്ട ഡോക്ടർമാർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ശശി | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരം ജനറൽ ഹോസ്പിറ്റൽ മെഡിക്കൽ കോളേജിലേയ്ക്ക് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നിന്നും എത്ര ഡോക്ടർമാരെയാണ് മാറ്റി നിയമിച്ചിട്ടുള്ളത്; ഈ മെഡിക്കൽ കോളേജിലേയ്ക്ക് മാറ്റിയിട്ടുള്ള മറ്റു വിഭാഗം ജീവനക്കാരുടെ എണ്ണം കാറ്റഗറി തിരിച്ച് ലഭ്യമാക്കുമോ? | (എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നിന്നും ഉദ്യോഗക്കയറ്റം മുഖേന 9 ഡോക്ടർമാരെ പുതിയ മെഡിക്കൽ കോളേജിലേയ്ക്ക് മാറ്റി നിയമിച്ചിട്ടുണ്ട്.<br>1. പ്രിൻസിപ്പാൾ - 1<br>2. പ്രൊഫസർ - 3<br>3. അസോസിയേറ്റ് പ്രൊഫസർ - 5<br>------<br>ആകെ 9<br>തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നിന്നും ഒരു ഓഫീസ് അസിസ്റ്റന്റിനെ പുതിയ മെഡിക്കൽ കോളേജിലേയ്ക്ക് മാറ്റിയിട്ടുണ്ട്. |
| (ബി) ഇവർ ഇപ്പോൾ (ഡോക്ടർമാരുൾപ്പെടെ) എന്ത് ജോലിയാണ് നിർവ്വഹിക്കുന്നത്; | (ബി) മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗികാരത്തിനായുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടത്തി വരുന്നു. |

| | |
|---|---|
| (സി) അവർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നുണ്ടോ ; അതിനുള്ള സംവിധാനം എന്താണ് എന്ന് അറിയിക്കുമോ ? | (സി) ഇവർക്ക് ശമ്പളവും മറ്റു ആനുകൂല്യങ്ങളും ബന്ധപ്പെട്ട ശീർഷകത്തിൽ നിന്നും നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ